# THE SYRO- MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
MAJOR ARCHBISHOP-CATHOLICOS

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

To Unite In Love

Prot No CCL 2/2016 21.06.2016

**സർക്കുലർ**

## ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 63–ാം ഓർമ്മപ്പെരുന്നാൾ

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

മലങ്കര സഭയ്ക്ക് അസാധ്യമെന്ന് കരുതിയ സഭൈക്യപരിശ്രമങ്ങൾക്ക് ദിശാബോധം പകർന്ന്, 19–ാം നൂറ്റാണ്ടിലെ മഹത്തായ സഭൈക്യസംരംഭത്തിന് നേതൃത്വം നൽകിയ പുണ്യചരിതൻ, ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 63–ാം ഓർമ്മപ്പെരുന്നാൾ ജൂലൈ 1 മുതൽ 15 വരെ പട്ടം, സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ ആഘോഷിക്കുകയാണ്. ഓർമ്മപ്പെരുന്നാൾ ദിവസമായ ജൂലൈ 15–ന് ആഘോഷമായ പൊന്തിഫിക്കൽ കുർബാനയും കബറിങ്കൽ പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷകളും ഉണ്ടായിരിക്കുന്നതാണ്. ഈ വർഷത്തെ ഓർമ്മപ്പെരുന്നാളിൽ നമ്മുടെ മുഖ്യാതിഥിയായി അമേരിക്കയിലെ കത്തോലിക്കാസഭയുടെ സമാദരണീയനായ വൈദിക മേലദ്ധ്യക്ഷനും, ന്യൂയോർക്ക് അതിരൂപതയുടെ ആർച്ചുബിഷപ്പുമായ **അത്യുന്നത കർദിനാൾ തിമോത്തി മൈക്കിൾ ഡോളൻ** സംബന്ധിക്കുന്നു എന്ന വിവരം സസന്തോഷം ഞാൻ നിങ്ങളെ അറിയിക്കട്ടെ.

ദൈവത്തിന്റെ കരുണയുടെ മുഖം സഭയൊന്നാകെ ധ്യാനിക്കുന്ന ഈ കാലയളവിൽ വന്ദ്യതാതന്റെ ഓർമ്മപ്പെരുന്നാളിന് വളരെയധികം പ്രസക്തിയുണ്ട്. മതാന്തരസംവാദങ്ങൾക്കും, അനുരഞ്ജന കൂദാശയ്ക്കും, ദൈവവചനപഠനങ്ങൾക്കും, കാരുണ്യപ്രവൃത്തികൾക്കും ഏറെ പ്രാധാന്യം നൽകിയാണ് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ ഈ കാരുണ്യവർഷത്തിലെ ആഘോഷങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. നമ്മുടെ പിതാവായ ദൈവദാസൻ മാർ ഈവാനിയോസ് വലിയ മെത്രാപ്പോലിത്ത തന്റെ ജീവിത

ത്തിലൂടെ നമുക്ക് പകർന്നുതന്നതും ദൈവകരുണയുടെ ജീവിതശൈലി കളാണ്. ദൈവവചനത്തിന്റെ ഉപാസകൻ, വി. കുർബാനയുടെ ഭക്തൻ, അനുരഞ്ജന കൂദാശയുടെ ഉദാത്തമായ മാതൃക, സന്യാസ സംശുദ്ധിയുടെ മാർഗ്ഗദർശി, വിദ്യാഭ്യാസ വിചക്ഷണൻ, സഭൈക്യ പരിശ്രമങ്ങളുടെ ജീവിതസാക്ഷി, മതസൗഹാർദ്ദത്തിന്റെ പ്രചാരകൻ ഇവയുടെയൊക്കെ ആകെത്തുകയാണ് ആ പുണ്യജീവിതം. ക്രാന്തദർശിയായ ഈ ശ്രേഷ്ഠാചാര്യന്റെ നിതാന്ത ജാഗ്രതയിൽ പടർന്നു പന്തലിക്കുവാനുള്ള ഭാഗ്യം മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ദൈവം നൽകിയ വലിയ അനുഗ്രഹമാണ്.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കൽ ദിനം പ്രതി പ്രാർത്ഥനയ്ക്കായി എത്തിച്ചേരുന്ന നിരവധിയായ തീർത്ഥാടകരുടെ സാക്ഷ്യം നമ്മുടെ പ്രിയ പിതാവിന്റെ ജീവിത വിശുദ്ധിയും, ഐക്യത്തിന്റെ സാക്ഷ്യവും ദൈവം അംഗീകരിച്ചിരിക്കുന്നു എന്നതിന്റെ പ്രത്യക്ഷ ഉദാഹരണങ്ങളാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ എല്ലാ നേട്ടങ്ങളുടേയും പിന്നിൽ വന്ദ്യ താതന്റെ നിസ്തന്ദ്രമായ പ്രാർത്ഥനയും ത്യാഗോജ്ജ്വലമായ പരിശ്രമങ്ങളുമുണ്ട്. ദൈവദാസന്റെ നാമകരണത്തിന്റെ സഭാതല നടപടികൾ പുതിയ ഒരു ഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന ഈ വേളയിൽ സഭാമക്കൾ ഒന്നാകെ ഏറെ തീഷ്ണതയോടെ പ്രാർത്ഥിക്കു വാനും പുന:സമർപ്പിക്കുവാനും കടപ്പെട്ടിരിക്കുന്നു. ഈ നിയോഗത്തിൽ ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടലിനായി സഭാ മക്കളൊരുമിച്ച് ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം.

മുൻ വർഷങ്ങളിലെപ്പോലെ ഈ വർഷവും ജൂലൈ 1 മുതൽ 15 വരെ ആത്മീയ ഒരുക്കങ്ങളോടെയാണ് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മപ്പെരുന്നാൾ പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ നാം ആഘോഷിക്കുന്നത്. ഓർമ്മപ്പെരുനാളിന് ഒരുക്കമായ ഈ 15 ദിവസങ്ങൾ നമ്മുടെ സഭയെ സംബന്ധിച്ച് നോമ്പിന്റെയും ഉപവാസത്തിന്റെയും അവ സരമാണല്ലോ. ഈ ദിവസങ്ങളിൽ പ്രത്യേകമായ പ്രാർത്ഥനകളും, പുണ്യ പ്രവർത്തികളും നമ്മുടെ എല്ലാ ഇടവകകളും സന്യാസ-സന്യാസിനീഭവ നങ്ങളും കുടുംബങ്ങളും കേന്ദ്രീകരിച്ച് നടത്തപ്പെടണമെന്ന കാര്യവും പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഓരോ ദിവസവും കബർ ചാപ്പലിൽ വി. കുർബാനയും, ധ്യാനയോഗങ്ങളും, ദിവ്യകാരുണ്യ ആരാധനയും ഉണ്ടാ യിരിക്കുന്നതാണ്. ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ തീർത്ഥാടക സംഘങ്ങളായി എത്തി കബറിൽ പ്രാർത്ഥിക്കുന്നത് ഇത്തരു ണത്തിൽ ഏറെ അനുഗ്രഹപ്രദമായിരിക്കുമെന്ന് ഞാൻ പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ജൂലൈ 10-ാം തീയതി പത്തനംതിട്ട ഭദ്രാസനത്തിലെ പെരുന്നാട്ടിൽ നിന്നും പ്രധാന തീർത്ഥാടന പദയാത്ര ആരംഭിക്കുന്നതാണ്. സഭയുടെ വിവിധ ഭദ്രാസനങ്ങളിൽ നിന്നും അനേകം തീർത്ഥാടകർ പ്രാർത്ഥനാ പൂർവ്വം പങ്കെടുക്കുന്ന ഈ പ്രധാന പദയാത്രയ്ക്ക് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ യുവജനപ്രസ്ഥാനത്തിന്റെ (എം.സി.വൈ.എം.) സഭാതല സമിതി നേതൃത്വം നൽകുന്നതാണ്. തിരുവല്ല, മാവേലിക്കര, മാർത്താണ്ഡം, ഗുഡ്ഗാവ് എന്നീ ഭദ്രാസനങ്ങളിൽ നിന്നും, പൂന-കട്കി എക്സാർക്കേറ്റിൽനിന്നും, ഭാരതത്തിനു പുറത്തുള്ള കേന്ദ്രങ്ങളിൽനിന്നും പദയാത്രകൾ നടത്തി പ്രധാന പദയാത്രയോടു ചേരും. ആത്മീയമായ ഒരുക്കത്തോടെയും, പ്രാർത്ഥനയോടെയും ഈ പദയാത്രകളിൽ അണി ചേരുവാൻ ഏവരേയും പ്രത്യേകം ക്ഷണിക്കുന്നു. തീർത്ഥാടന പദയാത്ര യിൽ സംബന്ധിക്കുന്നവർ നോമ്പ് നിർബ്ബന്ധമായി അനുഷ്ഠിച്ചുകൊണ്ട് വേണം ഈ ആത്മീയ ശുശ്രൂഷയിൽ സംബന്ധിക്കേണ്ടത് എന്ന് ഞാൻ പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

ജൂലൈ 14-ാം തീയതി വൈകിട്ട് സന്ധ്യാപ്രാർത്ഥനയും തുടർന്ന് മെഴുകുതിരി പ്രദക്ഷിണവും ഉണ്ടായിരിക്കുന്നതാണ്. അന്നുതന്നെ സന്ധ്യാ പ്രാർത്ഥനക്കുശേഷം സുവിശേഷസംഘത്തിന്റെ 3-ാം ബാച്ച് അംഗങ്ങ ളുടെ കൈവയ്പു ശുശ്രൂഷ നടത്തപ്പെടും. ഓർമ്മപ്പെരുന്നാൾ ദിവസമായ 15-ാം തീയതി ആഘോഷമായ വി. കുർബാനയും കബറിങ്കൽ ധൂപപ്രാർത്ഥ നയും, നേർച്ചയും ഉണ്ടായിരിക്കും. നമ്മുടെ സഭയിലെ എല്ലാ ബഹു. വൈദികരെയും ഓർമ്മപ്പെരുന്നാൾ കുർബാനയിൽ സഹകാർമ്മികരായി പങ്കുചേരുന്നതിന് ഞാൻ പ്രത്യേകം ക്ഷണിക്കുന്നു. ഈ ദിവസങ്ങളിൽ വി.കുമ്പസാരത്തിന് പ്രത്യേക അവസരവും ഉണ്ടായിരിക്കുന്നതാണ്. ജൂലൈ 1-ാം തീയതി മുതൽ കബർ ചാപ്പലിൽ വർഷം മുഴുവൻ എല്ലാ ദിവസവും പ്രാർത്ഥിക്കുന്ന ഒരു മധ്യസ്ഥപ്രാർത്ഥന **മാർ ഈവാനിയോസ് പ്രയർ മിനിസ്ട്രി** എന്നപേരിൽ നാം ആരംഭിക്കുന്നു. സഭാതല സുവിശേഷ സംഘം ഈ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നതാണ്. ഓർമ്മപ്പെരുന്നാളി നോടനുബന്ധിച്ചുള്ള വി. കുർബാനയിലും മറ്റു ശുശ്രൂഷകളിലും സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുവാൻ ഏവരെയും ഞാൻ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

ദൈവത്തിന്റെ കരുണയുടെ മുഖമാണ് മലങ്കരയ്ക്ക് ദൈവദാസൻ മാർ ഈവാനിയോസ്. ആ കാരുണ്യ മുഖത്തെയാണ് പുത്തൻകൂർ സമൂഹത്തിന് ദിശാബോധവും, സുവിശേഷ ദാഹവും, പ്രേഷിതാഭിമുഖ്യവും, ചലനാ ത്മകതയും നല്കാൻ ദൈവം വിളിച്ച് വേർതിരിച്ചത്. വ്യവഹാരങ്ങളല്ല,

വ്യവസ്ഥകളില്ലാത്ത സ്നേഹവും വിട്ടുവീഴ്ചകളുമാണ് യഥാർത്ഥ സഭാസ്നേഹമെന്നും അതിലൂടെ മാത്രമെ ദൈവാരാധനയും, ദൈവ സമ്പാദനവും സാധ്യമാവുകയുള്ളൂവെന്നും ആ ക്രാന്തദർശി തിരിച്ചറിഞ്ഞു. ദൈവസ്നേഹിയും സഭയെ സ്വജീവനേക്കാൾ സ്നേഹിക്കുകയും അധ:സ്ഥിതരെ സഹോദരരായി കരുതുകയും മാനവ നന്മ ലക്ഷ്യം വച്ച് ദൈവമഹത്വം ഉയർത്തിപിടിക്കുകയും ചെയ്ത ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കാൽപാടുകൾ പിൻതുടരുവാനും ദർശന ങ്ങൾ പങ്കുവയ്ക്കുവാനും നമുക്ക് ഓരോരുത്തർക്കും സാധിക്കട്ടെ. അതിന് നേർവെളിച്ചം നൽകാൻ 63-ാം ഓർമ്മപ്പെരുന്നാൾ നമുക്കിടയാക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

ദൈവം നിങ്ങളെ ഏവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

+Baselios Cleemis

21.06.2016
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

✠ **ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ്**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കാബാവാ.

N.B: ഈ കല്പന അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, സന്യാസഭവനങ്ങളിലും ആരാധനാകേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.

## ഓർമ്മപ്പെരുന്നാൾ 2016

**ജൂലൈ 1 മുതൽ 14 വരെ**

| | | |
|---|---|---|
| 9.00 a.m | : | **മാർ ഈവാനിയോസ് പ്രെയർ മിനിസ്ട്രി**യുടെ ഉദ്ഘാടനം (ജൂലൈ 1-ന് കബർ ചാപ്പലിൽ) |
| 9 a.m.-5 p.m. | : | കബറിങ്കൽ പ്രാർത്ഥനാ ശുശ്രൂഷകൾ |
| | : | സന്ധ്യാനമസ്ക്കാരം |
| 5.30 p.m. | : | വി. കുർബാന |

**ജൂലൈ 10 (ഞായർ) – പെരുനാട്**

| | | |
|---|---|---|
| 6.15 a.m. | : | പ്രഭാത നമസ്കാരം, വി. കുർബാന |
| 8 a.m. | : | പെരുനാട്ടിൽനിന്നുള്ള പ്രധാന തീർത്ഥാടന പദയാത്ര **ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവാ** ഉദ്ഘാടനം ചെയ്യുന്നു. |

**മറ്റു പദയാത്രകൾ**

: മാവേലിക്കരയിൽ നിന്ന് 7.30 a.m., ജൂലൈ 10 ഞായർ

: തിരുവല്ലായിൽ നിന്ന് 2.30 p.m., ജൂലൈ 10 ഞായർ

: മാർത്താണ്ഡത്തു നിന്ന് 8.30 a.m., ജൂലൈ 13 ബുധൻ

**ജൂലൈ 14 (വ്യാഴം)**

| | | |
|---|---|---|
| 5 p.m. | : | പെരുന്നാട്ടിൽനിന്നുള്ള പ്രധാന പദയാത്രികരെ കബറിങ്കൽ സ്വീകരിക്കുന്നു. |
| 5.30 p.m. | : | സന്ധ്യാനമസ്കാരം (കത്തീഡ്രൽ) |
| | : | സുവിശേഷസംഘാംഗങ്ങൾക്ക് കൈവെയ്പ് ശുശ്രൂഷ |
| | : | മെഴുകുതിരി പ്രദക്ഷിണ നേർച്ച |
| | : | കബറിങ്കൽ ധൂപപ്രാർത്ഥന |
| 8.00 p.m.മുതൽ | : | കബറിങ്കൽ അഖണ്ഡപ്രാർത്ഥന |

**ജൂലൈ 15 (വെള്ളി)**

| | | |
|---|---|---|
| 8 a.m. | : | അത്യുന്നത കർദ്ദിനാൾ തിമോത്തി ഡോളന് കത്തീഡ്രൽ കവാടത്തിൽ സ്വീകരണം. |
| 8.30 a.m. | : | പ്രഭാത നമസ്ക്കാരം |
| | : | ആഘോഷമായ പൊന്തിഫിക്കൽ കുർബാന (വിശുദ്ധ സമൂഹബലി) |
| | : | സുവിശേഷപ്രഘോഷണം: **അത്യുന്നത കർദ്ദിനാൾ തിമോത്തി ഡോളൻ** |
| | : | സുവിശേഷസംഘാംഗങ്ങൾക്ക് മെഴുകുതിരിയും ബൈബിളും നൽകുന്നു |
| | : | കബറിങ്കൽ ധൂപപ്രാർത്ഥന |
| | : | ശ്രാദ്ധ സദ്യ |